പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.590 | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|
| **കേരള സുസ്ഥിര നഗര വികസന പദ്ധതി** | |
| ചോദ്യം | ഉത്തരം |
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ (കെ.എസ്.യു.ഡി.പി.) ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ് - സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (ബി) | ഏതൊക്കെ കോർപ്പറേഷനുകളിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായി എത്ര രൂപയുടെ വായ്പയാണ് എ.ഡി.ബി. അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച്കോർപ്പറേഷനുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിക്കായി 123.4 മില്യൻ ഡോളർ (820.98 കോടി രൂപ) വായ്പയാണ് എ.ഡി.ബി. അനുവദിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭൗതീക നേട്ടങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കെ.എസ്.യു.ഡി.പി

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് കെ.എസ്.യു.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ കരാർ നല്കിയ 74 ഇൻഫ്രാസ്ട്രക്ച്ചർ( അടിസ്ഥാനസൗകര്യ) പദ്ധതികളിൽ മലിനജല സംസ്കരണശാലകളുടെയും മലിന ജലവാഹക ശൃംഖലകളുടെ യും 11 പദ്ധതികൾ ഒഴിച്ച് ബാക്കിയുള്ള 63 പദ്ധതികളും പൂർത്തിയായി. (55 പൂർണ്ണമായും 8 എണ്ണം ഭാഗീകമായും ) അതിനു പുറമെ ചേരികളുടെ പുനരുദ്ധാരണവും അടിസ്ഥാനസൗകര്യവും ( സി.ഐ.എഫ്) മെച്ചപ്പെടുത്തുന്നതിനായി 452 പദ്ധതികളും പോവർട്ടി സോഷ്യൽ ഫണ്ടിൽ (പി.എസ്.എഫ്) 412 പദ്ധതികളും, ലോ കോസ്റ്റ് സാനിറ്റേഷൻ (എൽ.സി.എസ്) പദ്ധതി പ്രകാരം 2174 ശൗചാലയങ്ങളും നിർമ്മിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ അഞ്ചു നഗരസഭകളിലായി നാളിതുവരെ പൂർത്തിയാക്കിയതും നിലവിൽ നടന്നുവരുന്നതുമായ പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| പദ്ധതി ഘടകം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | നടന്നുവരുന്ന പദ്ധതികളുടെ എണ്ണം |
|---|---|---|
| വാട്ടർ സപ്ലൈ | 7 | 2 |
| സ്വിവറേജ് | 2 | 3 |
| സ്റ്റോംവാട്ടർ ഡ്രെയിനേജ് | 9 | |
| ഖരമാലിന്യ സംസ്കരണം | 2 | 1 |
| ഖരമാലിന്യ സംസ്കരണം -ഉപകരണങ്ങൾ വാങ്ങൽ | 25 | 0 |
| റോഡ് വികസനം | 10 | 0 |
| ആകെ | 55 | 6 |

## ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ (JnNURM)/ UIDSSMT

യു.ഐ.ഡി.എസ്.എസ്.എം.റ്റിയിൽ കേരളത്തിലെ 22 മുനിസിപ്പാലിറ്റികളുടെ 25 പദ്ധതികൾക്കാണ് കേന്ദ്രസർക്കാർ അനുമതി നൽകിയത്. 427.785 കോടി രൂപ അടങ്കലുള്ള 25 പദ്ധതികളാണ് യു.ഐ.ഡി.എസ്.എസ്.എം.റ്റി ആദ്യഘട്ടത്തിൽ അംഗീകാരം ലഭിച്ചത് (13 ജിലവിതരണ പദ്ധതികൾ, 11 ഖരമാലിന്യ സംസ്കരണ പദ്ധതികൾ 1 സ്വിവറേജ് പദ്ധതി) 13 ജിലവിതരണ പദ്ധതികളിൽ 6 എണ്ണം പൂർണ്ണമായും 2 എണ്ണം ഭാഗീകമായും കമ്മിഷൻ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 5 പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. 11 ഖരമാലിന്യ സംസ്കരണ പദ്ധതികളിൽ 9 എണ്ണം ഉപേക്ഷിക്കുകയും 2 എണ്ണം (ആറ്റിങ്ങൽ, പെരിന്തൽമണ്ണ) അന്തിമഘട്ടത്തിലുമാണ്. സ്വിവറേജ് പദ്ധതി ഡ്രോപ്പ്ചെയ്ത കൂട്ടത്തിലാണ്. 31.3.2014 ൽ ഒന്നാംഘട്ട പദ്ധതി അവസാനിച്ചതിനെത്തുടർന്ന് രൂപം നൽകിയ ജനറം ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി കേരളത്തിലെ വിവിധ നഗരങ്ങളുടെ ഗതാഗതസൗകര്യത്തിനായി 400 ബസുകൾ വാങ്ങുന്നതിന് 186.19 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതിക്കും യു.ഐ.ഡി.എസ്.എസ്.എം.റ്റിയിൽ 14.66 കോടി രൂപ അടങ്കലുള്ള ഒരു ഖരമാലിന്യ സംസ്കരണ പദ്ധതിക്കും (മലപ്പുറം) അനുമതി നൽകിയിരുന്നു. 400 ബസുകളിൽ 110 എസി. ലോ ഫ്ളോർ ബസുകളും 198 നോൺ എസി ലോഫ്ളോർ ബസുകളും

വാങ്ങിയിട്ടുണ്ട്.ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് ശുചിത്വമിഷന്റെ സാങ്കേതികാനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## അമൃത്

കേരളത്തിലെ 9 നഗരങ്ങളെയാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് , കണ്ണൂർ കോർപ്പറേഷനുകളും, ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളും) ഈ നഗരങ്ങളിൽ 587.48 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ 2015-16 വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ നിന്നും തെരഞ്ഞെടുത്ത പദ്ധതികളിൽ 34.39 കോടി രൂപയുടെ ഡി.പി.ആറുകൾ തയ്യാറാക്കി നൽകുകയും സർക്കാർ അവയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിനും ശേഷിക്കുന്നവയ്ക്കുള്ള ഡി പി ആറുകൾ തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## സ്മാർട്ട് സിറ്റീസ് മിഷൻ

സ്മാർട്ട്സിറ്റി പദ്ധതിയിൽ കേരളത്തിൽ നിന്നും ഒരു നഗരത്തെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി ലഭിച്ച കൊച്ചിയിൽ പദ്ധതി നടത്തിപ്പിനായി കൊച്ചി സ്മാർട്ട്മിഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് പദ്ധതി നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നു. തിരുവനന്തപുരത്ത് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി കൺസൽട്ടൻസിയെ ക്ഷണിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## തലസ്ഥാന നഗര വികസന പദ്ധതി

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ 10 കോടി രൂപയുടെ ജലവിതരണ പദ്ധതിയുടെ 95 ശതമാനം പ്രവൃത്തികളും പൂർത്തിയായി. ഈഞ്ചക്കൽ ബസ് ടെർമിനലിനായി 5.79 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തലസ്ഥാന റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതിയിൽ 41.706 കിലോ മീറ്റർ റോഡിന്റെ വികസനത്തിന് വേണ്ട സ്ഥലം ഏറ്റെടുത്ത് ട്രിഡ മുഖാന്തിരം റോഡ് വികസനം നടപ്പിലാക്കിവരുന്നു.